പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

സെപ്തംബർ 15, 2015

## ദേശീയ ധനകാര്യ സാക്ഷരതാ നിർണ്ണയ പരീക്ഷ 2015-2016 - നവംബർ 28, 29 തീയതികളിൽ

ദേശീയ ധനകാര്യ വിദ്യാകേന്ദ്രം (NCFE), 2015 നവംബർ 28, 29 തീയതികളിൽ 2015-16 - ലെ ദേശീയ ധനകാര്യ സാക്ഷരതാ നിർണ്ണയ പരീക്ഷ [National Financial Literacy Assessment Test for 2015-2016 (NCFE-NFLAT 2015-16)] നടത്തുന്നതാണ്. എട്ടുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാം.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (RBI), സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ഡെവലപ്പ്മെന്റ് അതോറിട്ടി ഓഫ് ഇൻഡ്യ (SEBI), ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്പ്മെന്റ് അതോറിറ്റി (IRDAI), പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്പ്മെന്റ് അതോറിട്ടി (PFRDA), ഫോർവേഡ് മാർക്കറ്റ്സ് മിഷൻ (FMC) എന്നീ ധനകാര്യ നിയന്ത്രണ സ്ഥാപനങ്ങളുടെ സഹായത്തോടെ ദേശീയ നിക്ഷേപകാര്യ വിപണി കേന്ദ്രമാണ് (NISM), ദേശീയ സാമ്പത്തിക വിദ്യാകേന്ദ്രം (NCFE) രൂപീകരിച്ചിരിക്കുന്നത്. സാമ്പത്തിക സാക്ഷരത, എല്ലാവരേയും ഉൾക്കൊള്ളാനുള്ള പ്രവണത (inclusion) എന്നീ ഉദ്ദേശങ്ങൾ ഒരുമിച്ച് വളർത്താൻ ലക്ഷ്യമിട്ടാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. സാമ്പത്തിക വിദ്യാഭ്യാസത്തിനുള്ള ഒരു ദേശീയനയം (NSFE) നടപ്പിലാക്കാനുള്ള സ്ഥാപനമായി ഈ കേന്ദ്രത്തെ തിരഞ്ഞെടുത്തിരിക്കുന്നു.

NCFE യുടെ ദേശീയ ധനകാര്യ സാക്ഷരതാ നിർണ്ണയ പരീക്ഷ (NCFE-NFLAT), ധനകാര്യ സാക്ഷരതയും എല്ലാവരേയും ഉൾക്കൊള്ളാനുള്ള പ്രവണതയും (inclusion) ലക്ഷ്യമാക്കിയുള്ള ഒരു നടപടിയാണ്. ദേശീയതലത്തിൽ സ്കൂൾ വിദ്യാർത്ഥികളെ (ക്ലാസ്സ് VIII-X വരെ) ധനകാര്യ ആശയങ്ങൾ പഠിക്കാൻ പ്രേരിപ്പിക്കുവാനും അക്കാര്യങ്ങളിലുള്ള അവരുടെ അറിവ് അളക്കാനും, അതുവഴി ഭാവിയിൽ സുഭദ്രമായ ധനകാര്യ തീരുമാനങ്ങളെടുക്കുവാൻ അവരെ പ്രാപ്തരാക്കുന്ന നൈപുണ്യം വളർത്താനും NCFE ഉദ്ദേശിക്കുന്നു.

**ഷെഡ്യൂൾ**

2015 സെപ്തംബർ ഒന്നാം തീയതി മുതൽ ഇതിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. അതാത് സ്കൂൾ മുഖാന്തിരം മാത്രമെ രജിസ്ട്രേഷൻ സ്വീകരിക്കുകയുള്ളു. http://www.ncfeindia.org/nflat എന്ന വെബ്സൈറ്റിലൂടെ സ്കൂളുകൾക്ക് ചേരാം.

പ്രധാനപ്പെട്ട മറ്റ് ദിവസങ്ങൾ

| | |
|---|---|
| രജിസ്ട്രേഷൻ തുടക്കം | 2015 സെപ്തംബർ 1 |
| രജിസ്ട്രേഷൻ തീരുന്ന ദിവസം | 2015 ഒക്ടോബർ 17 |
| പരീക്ഷ | 2015 നവംബർ 28, 29 |
| പരീക്ഷാഫലം | 2015 ഡിസംബർ 16 |

60 മിനിട്ട് ദൈർഘ്യമുള്ള പരീക്ഷയിൽ വിദ്യാർത്ഥികൾ 75 ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം. ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള പരീക്ഷയിൽ ധനകാര്യസംബന്ധമായ കാര്യങ്ങളുടെ അടിസ്ഥാന സങ്കല്പങ്ങളെ സംബന്ധിക്കുന്ന ചോദ്യങ്ങളാണുണ്ടാവുക. സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ http://www.ncfeindia.org/nflat- ൽ ലഭ്യമാണ്.

പരീക്ഷാ സൗജന്യമാണ്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലായിരിക്കും രജിസ്ട്രേഷൻ.

**സമ്മാനങ്ങൾ**

*സ്കൂളുകൾ :* ഏറ്റവും ഉന്നത സ്ഥാനം നേടുന്ന 30 സ്കൂളുകൾക്ക് 25,000 രൂപയും ട്രോഫി / ഷീൽഡ് എന്നിവയും

*വിദ്യാർത്ഥികൾ :* NCFE-NFLAT വിജയികളെ ലാപ്ടോപ്പുകൾ, ടാബ്ലെറ്റുകൾ, മെഡലുകൾ, ക്യാഷ് സമ്മാനങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നല്കി അനുമോദിക്കും.

കൂടുതൽ വിവരങ്ങൾ NCFE വെബ്സൈറ്റ് http://www.ncfeindia.org/nflat

സംശയനിവാരണങ്ങൾക്കും കൂടുതൽ കാര്യങ്ങളറിയാനും ബന്ധപ്പെടുക : നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സെക്യൂരിറ്റിസ് മാർക്കറ്റ്സ്, NISM ഭവൻ, പ്ലോട്ട് നമ്പർ - 82, സെക്ടർ - 17, വാഷി, നവി മുംബൈ - 4000703. ഫോൺ : 022-66735100-05. ഫാക്സ് 022-667735100-05, ഇ - മെയിൽ, വെബ് സെറ്റ് www.ncfeindia.org / www.nism.ac.in

**പ്രസ്സ് റിലീസ് 2015-2016/677**

**അല്പനാ കില്ലാവാല**
പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ